بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*08 June 2012 (ജൂൺ 2012) ~ 17 Rajab 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

മൗറീഷ്യസിനു സമീപമുള്ള ദ്വീപുകൾ, ഇന്ത്യ, ട്രിനിഡാഡ്, ടുബാഗോ, തുടങ്ങിയ രാജ്യങ്ങളുടെ പേരുകൾ എടുത്തു പറഞ്ഞു കൊണ്ട് ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാനാശംസകൾ അർപ്പിച്ച ശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(അ) തശഹ്ഹുദ്,തഅവ്വദ്, സൂറ:അൽഫാത്തിഹ എന്നിവ ഓതിയശേഷം പറഞ്ഞു.

സഹോദരന്മാരെ, സഹോദരിമാരെ,2012 മെയ് 4-ാംതീയതി വെള്ളിയാഴ്ച മുതൽ മൗറീഷ്യൻ പാർലമെന്റിൽ, ഇതിനു മുമ്പ് തന്നെ നടപടികൾ ആരംഭിച്ചിരുന്നതാണ്. ഗവൺമെന്റ് ഗർഭഛിദ്രം നിയമവിധേയമാക്കി കൊണ്ടുള്ള തീരുമാനം എടുത്തിരിക്കയാണ്. എന്നാൽ ഈ വിഷയം ആസ്പദമാക്കിയുള്ള ജനകീയ ചർച്ചകൾക്ക് ശേഷം അവർ(ഭരണകൂടം) ചില പ്രത്യേക കേസുകളിൽ ഗർഭഛിദ്രം നിയമവിധേയമാക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകേണ്ടി വന്നു. അത് മൗറീഷ്യൻ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. മതത്തിനും മതനേതാക്കൾക്കും എതിരായി ഭരണകൂടം തിരിഞ്ഞു പോഴെല്ലാം ഗർഭഛിദ്രം സംസാരവിഷയമായിട്ടുണട്, മുൻകാലങ്ങളെപ്പോലെ ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയും, ദൈവീക അധ്യാപനങ്ങൾക്കെതിരായ നീക്കങ്ങൾക്കെതിരിൽ, പ്രതികരിക്കുകയാണ്. ഭരണകൂടം നടത്തുന്ന ഈ നടപടിയിലൂടെ സമൂഹത്തിൽ അധർമ്മവും പാപവും വ്യാപിക്കുവാൻ ഇടയാകുന്നു. അധാർമ്മികത യുവജനതയെ നശിപ്പിക്കുകയാണ്, അത് മൗറീഷ്യസിൽ ആയാലും ശരി, ലോകത്തെവിടെയായാലും ശരി, വസ്തുതകൾ കണക്കിലെടുക്കുമ്പോൾ 20% സ്ത്രീകൾ കുട്ടികൾ ജനിക്കുന്നത് ആഗ്രഹിക്കുന്നില്ല. ആയതിനാൽ അത് കണക്കിലെടുക്കുമ്പോൾ (ആധുനിക കാലഘട്ടത്തിലെ ആളുകൾ അഥവാ ഭരണകൂടം) ഗർഭഛിദ്രം നിയമവിധേയമാക്കുന്നതിനെ പറ്റി ആലോചിക്കേണ്ടി വരുന്നു. ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുകയാണ്. ‘‘ഈ ചെറിയ ദ്വീപിൽ അല്ലാഹുവിന്റെ ശിക്ഷ ക്ഷണിച്ചു വരുത്തരുത്.(മറ്റു രാജ്യങ്ങൾക്കും ഞാൻ മുന്നറിയിപ്പ് നല്കുകയാണ്) ഗർഭഛിദ്രം നിയമവിധേയമാക്കിയിട്ടുള്ളതും അഥവാ നിയമവിധേയമാക്കുവാനുള്ള നടപടികളുമായി മുന്നോട്ടു പോകുന്ന രാജ്യങ്ങൾക്കും ഞാൻ മുന്നറിയിപ്പ് നല്കുകയാണ് നിങ്ങൾ ദൈവീക ശിക്ഷ നിങ്ങളുടെ രാജ്യങ്ങളിൽ ക്ഷണിച്ചു വരുത്തരുത് ’’.എന്ന്.

ഞാൻ ഓർക്കുകയാണ് ‘‘ജമാഅത്ത് അഹ്മദിയ്യാ അൽ മുസ്ലിമീൻ’’സംഘടിപ്പിച്ച ഒരു വനിതാ സംഗമത്തിൽ, നമ്മുടെ സ്ത്രീകളെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതിനു പുറമെ നിന്നുള്ള സ്ത്രീകളെയും ക്ഷണിച്ചിരുന്നു. ലൈഗിംകത എന്നതായിരുന്നു സംസാരവിഷയം. പരിപാടിയ്ക്കുശേഷം എനിക്ക് ലഭിച്ചത് പ്രതികൂലമായ റിപ്പോർട്ടും പരാതികളുമായിരുന്നു. ഈ അതിഥികൾ നമ്മുടെ സ്ത്രീകളോട് ലൈഗിംകതയെക്കുറിച്ച് സംസാരിച്ചത് ശരിയായ നിലയിലായിരുന്നില്ല എന്നു സാരം. ഇത് (ഈ യോഗം) 2006 അവസാനത്തിലായിരുന്നു. ആ അവസരത്തിൽ അവർ (അതായത് ജമാ അത്തിലെ സ്ത്രീകൾ) ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നത് ശരിയല്ല എന്നായിരുന്നു ചിന്തിച്ചിരുന്നത്. എന്നാൽ ഇന്ന് അവരുടെ അവസ്ഥ എന്താണ്? ഇന്ന് ഇതേ വിഷയം ഹൈസ്കൂളുകളിൽ ഒരു വിഷയമായി പഠിപ്പിക്കുന്നു. താമസിയാതെ പ്രൈമറിസ്കൂളുകളിൽ ഈ വിഷയം പഠനവിധേയമാക്കുന്നതാണ്. ഭരണകൂടത്തോടൊ അഥവാ വിദ്യാഭ്യാസ വകുപ്പിനോടൊ ആർക്കും ഈ വിഷയത്തെപ്പറ്റി ഒന്നും പ്രതികരിക്കുവാനില്ലേ?. നമ്മുടെ സമ്മേളന സമയത്ത് ഈ വിഷയം തികച്ചും വ്യത്യസ്ത സ്വഭാവമുള്ളതായിരുന്നു. ഈ വിഷയം അന്ന് സമ്മേളനത്തിൽ ചർച്ചാവിഷയമാക്കിയത് തികച്ചും ദൈവീകാധ്യാപനത്തിന്റെ വെളിച്ചത്തിലായിരുന്നു. എന്നാൽ ഇന്ന് സ്കൂളുകളിൽ പഠനവിഷയമാക്കിയിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം കാലിക പ്രധാന്യത്തോടെ ചർച്ച ചെയ്യേണ്ടതുണ്ട്?. ലൈഗിംകത എന്ന വിഷയത്തെ സംബന്ധിച്ച് എല്ലാ വിശദവിവരങ്ങളും ഇസ്ലാം നല്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ വിഷയത്തെ സംബന്ധിച്ച് നിയമപരമായിട്ടുള്ളതും നിയമവിധേയമല്ലാത്തതും എന്താണ് എന്ന് ഇസ്ലാം വ്യക്തമായും നിർവചിച്ചിരിക്കുന്നു. ആയതിനാൽ ഈ വിഷയത്തെ നാം അകറ്റി നിർത്തേണ്ട ആവശ്യകത എന്താണ്?. ഇപ്പോൾ നാം ഈ കൊച്ചു മൗറീഷ്യൻ ദ്വീപിൽ കാണുന്നതെന്താണ് ലൈഗിംകത എന്ന ഈ വിഷയം ഇവിടെ താണ്ടവമാടുകയാണ്; ഇത് ഇവിടെ വളരെ വലിയ ഉപദ്രവങ്ങൾ സൃഷ്ടിക്കുകയാണ്; ആയതിനാൽ നമ്മുടെ കുട്ടികളുടെ ഭാവിയെപ്പറ്റി നാം ആശങ്കാകുലരാണ്, അവർക്കെന്താണ് സംഭവിക്കാൻ പോകുന്നത്;

മനുഷ്യ ജീവിതത്തിന്റെ എല്ലാ രംഗങ്ങളെയും പ്രതിപാദിക്കുന്ന ഒരു മതമാണ് ഇസ്ലാം. ഇസ്ലാമിന് സാമൂഹ്യ സാമ്പത്തിക തുടങ്ങിയ കാര്യങ്ങളിൽ അതിന്റേതായ കാഴ്ചപ്പാടുകളുണ്ട്. സമൂഹത്തിൽ എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് അത് നമ്മെ പഠിപ്പിക്കുന്നു. ഇസ്ലാം ഒരു ജീവനുള്ള മതമാണ്. പള്ളികളിൽ കയറി പ്രാർത്ഥന നടത്തുക, എന്നിട്ട് അവിടെ ഭജനമിരിക്കുക, നോമ്പു പിടിക്കുക, സക്കാത്തു കൊടുക്കുക, ഹജ്ജ് നിർവ്വഹിക്കുക ഇതു മാത്രമല്ല ഇസ്ലാം കല്പ്പിക്കുന്നത്. തീർച്ചയായും ഈ പ്രവർത്തികൾ, ഈ സമൂഹത്തിൽ ജീവിക്കുന്നതിന് നമ്മെ തയ്യാറാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതാണ്. ഈ സമൂഹത്തിലെ തിന്മകൾക്കെതിരെ ഓരോ വിശ്വാസിയും കഠിനമായി പോരാടേണ്ടതാണ്. ഗർഭച്ഛിദ്രം എന്ന ഈ ചോദ്യം, അതിന്റെ ലിസ്റ്റ് വളരെ വലുതാണ്. ഓരോ ദിവസം കഴിയുന്തോറും ഗർഭച് ഛിദ്രം നടത്തപ്പെടുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി കൂടുകയാണ്. ഗർഭച്ഛിദ്രം നടത്തപ്പെടുന്നതിനായി പോകുന്നവരുടെ കൂട്ടത്തിൽ വളരെയധികം പെൺകുട്ടികൾ, അതോ അവർ ഹൈസ്കൂളുകളിൽ പഠിക്കുന്നവർ; ഫാക്ടറികളിലും മറ്റും ജോലി ചെയ്യുന്ന മറ്റു പെൺകുട്ടികൾ, യുവതികൾ, സ്ത്രീകൾ തുടങ്ങിയവരും ഉൾപ്പെടുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇതൊരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. ഈ രാജ്യം എങ്ങോട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്?.

നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഈ ലോകം അല്ലാഹുവിന്റേതു മാത്രമാണ്. അവൻ മാത്രമാണ് തീരുമാനിക്കുന്നത് മനുഷ്യൻ എത്ര വർഷം ഈ ഭൂമിയിൽ ജീവിക്കണമെന്ന്. ഈ പ്രപഞ്ചത്തിന്റെ തന്നെ നിലനിൽപ്പ് എത്ര നാൾ വേണമെന്ന് അവൻ മാത്രമാണ് വിധിക്കുന്നത്. അവൻ മാത്രമാണ് ഓരോ സെക്കന്റിലും എത്ര ജനനങ്ങളും എത്ര മരണങ്ങളും സംഭവിക്കണമെന്ന് തീരുമാനിക്കുന്നത്. ഈ കാര്യങ്ങളെല്ലാം സർവ്വശക്തനായ അല്ലാഹു നല്ല നിലയിൽ ആസൂത്രണം ചെയ്തിരിക്കയാണ്. മനുഷ്യന്റെ പദ്ധതികളൊന്നും തന്നെ അല്ലാഹുവിന്റെ പദ്ധതികൾ പോലെ പരിപൂർണ്ണമല്ല. മനുഷ്യന്റെ ആസൂത്രണങ്ങളിൽ എപ്പോഴും പോരായ്മകൾ ഉണ്ടാകും; അപൂർണ്ണത ഉണ്ടാകും; എന്നാൽ പ്രപഞ്ചസൃഷ്ടാവിന്റെ ആസൂത്രണത്തിൽ തരിമ്പും ന്യൂനത ദർശിക്കാവതല്ല. അവന്റേത് സമ്പൂർണ്ണ ആസൂത്രണമാണ്. ആയതിനാൽ അതിൽ ഏറ്റക്കുറച്ചിലുകൾ വരുത്തേണ്ടതായി വരില്ല. മനുഷ്യൻ ദുർബലനാണ്. പരിപൂർണ്ണമായതിനെ വികലമാക്കുവാൻ അവന്റെ കരങ്ങൾ പ്രവർത്തിക്കുന്നു. ആയതിനാൽ മനസ്സിലാക്കുക. ദൈവീക പദ്ധതിയെ തകിടം മറിക്കുവാൻ ഇത്തരം ജീവികൾക്ക് കഴിയില്ല.

ഇപ്പോൾ, ഓരോവർഷവും 90 മില്യൺ കുട്ടികളിലധികം ഈ ഭൂമുഖത്ത് പിറക്കുന്നു. ബുദ്ധിമാന്മാർ എന്ന കരുതപ്പെടുന്ന ചില ആളുകൾ പറയുന്നത് ഇത് വളരെ കൂടുതലാണ്. ആയതിനാൽ അവർ ചിന്തിക്കുന്നു ഇവരെ എല്ലാം എവിടെ പാർപ്പിക്കും. എന്ന്. ജനനനിരക്ക് ഈ രീതിയിൽ ഉയർന്നാൽ? അവർക്കെല്ലാം ആഹാരം എവിടെ നിന്ന് ലഭ്യമാകും. പറയുന്നത് കേട്ടാൽ തോന്നും ഈ ലോകം മനുഷ്യന്റേതാണ്; എത്ര ജനനം വേണമെന്ന് അവരാണ് തീരുമാനിക്കുന്നതെന്ന്. ഇതിൽ മനുഷ്യൻ വ്യാകുലചിത്തനാകുന്നതെന്തിനാണ്? മനുഷ്യന് അവകാശധികാരങ്ങളില്ലാത്ത കാര്യങ്ങളിൽ അവൻ ഇടപെടുന്നതെന്തിനാണ്? ഭാവിയിൽ വരാൻ പോകുന്ന ഒരു കാര്യത്തെ സംബന്ധിച്ച് അവൻ യാതൊരധികാരവും ഇല്ലെന്നിരിക്കെ അവനെന്തിനാണ് മുൻകരുതലെടുക്കുന്നത്?

മനുഷ്യന് തന്നെക്കുറിച്ച് പോലും വ്യക്തമായ അറിവില്ല. എന്നിട്ട് അവന്റെ പാതയിൽ കുഴി കുഴിക്കുവാൻ ശ്രമിക്കുകയാണ്. അതും അവനറിയാത്ത അവസ്ഥയിൽ. അല്ലാഹുവും അവന്റെ പദ്ധതിയുമാണ്. ഒരു കുട്ടിയുടെ ജനനം സൃഷ്ടാവിന്റെ പദ്ധതിയിൽപ്പെട്ടതാണ്. ഹേ; മനുഷ്യാ; സൃഷ്ടാവായ അല്ലാഹു ചെയ്യുന്ന പ്രവർത്തിയെ നിങ്ങൾ ചോദ്യം ചെയ്യുവാൻ ശ്രമിക്കുകയാണോ? നിങ്ങൾ ചിന്തിക്കുന്നില്ലേ–നിങ്ങൾ തെറ്റായ ദിശയിലൂടെയാണ് നീങ്ങുന്നത്. അല്ലാഹുവിനെയും അവന്റെ പദ്ധതിയെയും ചോദ്യം ചെയ്യുവാൻ നിങ്ങൾക്കൊരധികാരവുമില്ല. അതിനെതിരു നില്ക്കുവാനും അവകാശമില്ല. ഈ ഭൂമി അല്ലാഹുവിന്റെതാണ്. അവൻ ഉദ്ദേശിക്കുന്ന ആളുകൾക്ക്, ഈ ഗോളത്തിൽ പാർക്കുവാൻ ഉള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിരിക്കുന്നത് അവനാണ്. പ്രകൃതി ചെയ്യുന്ന ഈ പ്രവർത്തിയെ നിയന്ത്രിക്കുവാൻ നിങ്ങൾക്കെന്തധികാരമാണുള്ളത്. പുരുഷനെയും സ്ത്രീയെയും രണ്ടു വ്യത്യസ്ത രൂപത്തിൽ സൃഷ്ടിച്ചതിൽ ചില ഉദ്ദേശ ലക്ഷ്യങ്ങൾ ഉണ്ട് എന്നതിന് അല്പപോലും സംശയിക്കേണ്ടതില്ല. ഓരോരുത്തർക്കും അവരവരുടേതായ ഭാഗം ഭൂമിയിൽ അഭിനയിക്കേണ്ടതായിട്ടുണ്ട്. സൃഷ്ടാവായ അല്ലാഹു, പുരുഷനും സ്ത്രീക്കും ചില നിയമങ്ങൾ അടിച്ചേല്പ്പിച്ചിട്ടുണ്ട്. അവർ നിയമപരമായി ഒന്നിച്ചു ചേരുകയുംമനുഷ്യ സന്തതികൾക്ക് ജന്മമേകുകയും ചെയ്യുക എന്നതാണത്. ഇത്തരത്തിലുള്ള ബന്ധം മനുഷ്യരിൽ മാത്രമല്ല ദൃശ്യമാകുന്നത്. മൃഗങ്ങളിലും സസ്യങ്ങളിലും ഒക്കെ, ഈ ഉല്പാദനബന്ധം നിലനില്ക്കുന്നതായി കാണാം. 'പശു' എന്ന അധ്യായത്തിൽ അല്ലാഹു(ത) പറയുന്നു. ''നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് (ഒരു) കൃഷിയിടമാകുന്നു.

അതുകൊണ്ട് നിങ്ങൾ ആഗ്രഹിക്കും വിധം നിങ്ങളുടെ കൃഷിയിടത്തേക്ക് ചെന്നുകൊള്ളുക. നിങ്ങൾക്ക് ആവശ്യമായത് മുൻകൂട്ടി ചെയ്തുവയ്ക്കുകയും വേണം. അല്ലാഹുവിനെ ഭയപ്പെടുക, അവനുമായി നിങ്ങൾ കണ്ടുമുട്ടുന്നവരാണെന്ന് അറിഞ്ഞു കൊള്ളുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കു കയും ചെയ്യുക''. (2:224)

പുരുഷന് വിത്തിടാനുള്ള ഒരു സ്ഥലമായി സ്ത്രീയെ അല്ലാഹു വിശേഷിപ്പിക്കുമ്പോൾ(അല്ലാ ഹു) അവൻ എന്ത് സന്ദേശമാണ് ഈ വചനത്തിലൂടെ നല്കുന്നത് എന്ന് വ്യക്തമാണ്. ഒരുവന്, അവകാശ പ്പെട്ട ഒരു തോട്ടം ഉണ്ടെങ്കിൽ ആ തോട്ടത്തിൽ കൃഷി ചെയ്യാൻ ഉദ്ദേശമുണ്ടെങ്കിൽ, അവൻ അതിൽ വിത്തിട്ട്, കൊയ്ത്തു കാലത്തിനായി കാത്തിരിക്കേണ്ടതാണ്. ഒരാൾ ഒരു ചെടിയുടെ വിത്തിടുകയും, അത് മുളച്ച് വളർന്ന് ഒരു ചെറിയ ചെടിയായി തീരുന്നതു കാണുവാൻ എത്ര കൗതുകകരമാണ്. തന്റെ അധ്വാനത്തിന്റെ ഫലം അവൻ കാണുമ്പോൾ അവനതിൽ സന്തുഷ്ടനായിത്തീരുന്നു. ഒരാൾക്ക് ഒരു തോട്ടം ഉണ്ടായിരിക്കു കയും ആ തോട്ടത്തിൽ തന്റെ കൈകൾ കൊണ്ട് വിഷം വിതറുകയും ചെയ്താൽ, എന്നിട്ട് ഉല്പാദനം നിയ ന്ത്രിക്കുകയും ചെയ്താൽ, അവനെപ്പറ്റി നിങ്ങൾ എന്തായിരിക്കും പറയുക? അടുത്ത പ്രാവശ്യം ആ ഭൂമിയിൽ കൃഷി ചെയ്യാൻ അവൻ ആഗ്രഹിച്ചാൽ അവനത് ചെയ്യുവാൻ സാധിക്കുകയില്ല. കാരണം ആ ഭൂമി വിഷലി പ്തമായിപ്പോയി. അഥവാ ഇനി ഉല്പാദനം ഉണ്ടായാൽ തന്നെ അതിന് വളരെയധികം ന്യൂനതകൾ സംഭവി ക്കുന്നതാണ്. ആയതുകൊണ്ട്, നമുക്ക് ലഭിച്ച ഭൂമി എന്തുകൊണ്ട് ശരിയായ രീതിയിൽ കൃഷി ചെയ്യുന്നില്ല? നിയമാനുസൃതം വിവാഹം ചെയ്തശേഷം കുട്ടികൾ ഉണ്ടാകുന്നത് പ്രോത്സാഹിപ്പിക്കേണ്ട കാര്യമാണ്. ഒരു വിശ്വാസിയുടെ കടമയാണ് മറ്റു വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക എന്നത്; അതായത് കുട്ടികൾക്ക് ജന്മം നല്കുക; ജനന നിയന്ത്രണങ്ങൾ ഏർപ്പെടുത്താതിരിക്കുക; ഗർഭചിദ്രം നടത്തുന്നത് തെറ്റാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക.

ഇന്ന് നമുക്ക് ചുറ്റും നാം കണ്ണോടിച്ചാൽ കാണുന്ന യാഥാർത്ഥ്യം എന്താണ്? വികസിത രാജ്യ ങ്ങളിൽ മിക്കവാറും 100 ശതമാനവും ഗർഭച്ഛിദ്രം നിയമവിധേയമാക്കിയിരിക്കുകയാണ്. അതു പോലെ ജന നനിയന്ത്രണവും നിയമവിധേയമാക്കിയിരിക്കുന്നു. നാമെന്താണ് നമുക്കു ചുറ്റും കാണുന്നത്? നമുക്ക് ചുറ്റും വളരെയധികം നാശ നഷ്ടങ്ങൾ നാം കാണുന്നു.അനേകം വലിയ രാജ്യങ്ങളിലും, ദ്വീപുകളിൽ പോലും, ഓരോ മിനിട്ടിലും അനേകം കുറ്റങ്ങൾ പിറവിയെടുക്കുന്നു. അനേകം ബലാൽസംഗങ്ങൾ നടക്കുന്നു; സായുധ മോഷ ണങ്ങൾ നടക്കുന്നു;നിങ്ങളുടെ മനസ്സിൽ രൂപമെടുക്കുന്ന തെറ്റുകൾ ഈ ലോകത്ത് നിങ്ങൾ നടത്തുന്നു.ഈ തെറ്റുകൾ കടന്നു ചെല്ലാത്ത ഒരു രാജ്യവും നിങ്ങൾക്ക് കാണുവാൻ കഴിയില്ല. ഏറെ അദ്ഭുതപ്പെടുത്തുന്ന കാര്യം ഈ രാജ്യങ്ങളിലെ ഭരണകൂടമാണ്, ഈ ദുഷിച്ച ചെയ്തികൾക്ക് നിയമസാധുത നല്കിയിരിക്കുന്നത്. ഈ ദുഷിച്ച കാര്യങ്ങൾ നമുക്ക് ഒരു പ്രയോജനവും നല്കാത്തതാണ്. അതായത് ഗർഭച്ഛിദ്രം, ജനനനിയ ന്ത്രണം തുടങ്ങിയവ. ജനനനിയന്ത്രണ പ്രസ്ഥാനം ആരംഭിച്ചത് യൂറോപ്പിലാണ്. യൂറോപ്പിൽ വ്യവസായ വിപ്ലവം ഉടലെടുത്തപ്പോൾ, ജനനനിയന്ത്രണ പ്രസ്ഥാനത്തിന് ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടായി. സ്ത്രീകൾ ജോലി ക്കായി പുറത്തു പോകുവാൻ നിർബന്ധിതരായി. പടിഞ്ഞാറൻ രാജ്യങ്ങളിലെ പുരുഷന്മാർ അവരുടെ സ്ത്രീകളെ പുറത്തു പോകുവാനും തൊഴിലിൽ ഏർപ്പെടുവാനും ധനം സമ്പാദിക്കുവാനും അവർ ആഗ്രഹിക്കുന്ന നില യിൽ ജീവിക്കുവാനും അവരെ പ്രേരിപ്പിച്ചു. അങ്ങനെ, അവരുടെ ജോലി നിമിത്തം, ഈ സ്ത്രീകൾക്ക് തങ്ങ ളുടെ കുട്ടികളെ നോക്കുവാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ ആർക്കെങ്കിലും കുട്ടികളുണ് ടെങ്കിൽ അതവർക്കും അവരുടെ തൊഴിലുടമയ്ക്കും ഒരു പ്രതിബന്ധമായി; ഇതിന്റെ പരിഹാരമെന്ന നിലയിൽ അവർ ജനന നിയ ന്ത്രണ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി.

നമ്മുടെ ചെറിയ ദ്വീപായ മൗറീഷ്യസിൽ ഇന്നു നാം കാണുന്നതെന്താണ്? സ്ത്രീകൾ ഫാക്ട റികളിൽ ജോലി ചെയ്യുവാൻ ആരംഭിച്ചതോടെ, അവർ തങ്ങളുടെ വീടിനോടുള്ള ഉത്തരവാദിത്വങ്ങളോട് അവ ഗണന കാട്ടുവാൻ തുടങ്ങി. ഇപ്പോൾ, സ്ത്രീകൾ ഫാക്ടറികളിൽ മാത്രമല്ല ഓഫീസുകളിലും പണി എടു ക്കുന്നു; അതുപോലെ ബസ് കക്ടർ ആയും, പെട്രോൾ പമ്പുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നു. ഏറ്റവും മോശമായ വ്യഭിചാരം പോലുള്ള പ്രവർത്തിയിലും പ്രവേശിച്ചിരിക്കുന്നു.വ്യഭി ചാര വ്യാപാരം(Sex trade) ചെയ്യുവാനുള്ള അവകാശത്തിനായി രംഗത്തിറങ്ങി യിരിക്കുന്നു. മനുഷ്യന്റെ അവകാശമായി അംഗീകരിക്കുവാൻ ആവശ്യപ്പെടുകയാണ്. അതിനും അവർ ധൈര്യപ്പെട്ടിരിക്കുന്നു.

ഈ പറയപ്പെട്ട സ്വാതന്ത്ര്യം സ്ത്രീകൾ നേടി എടുത്തിരിക്കുകയാണ്. ഇതവരെ ആധുനികലോ കത്തിലെ അടിമകളാക്കി മാറ്റിയിരിക്കുകയാണ്. അവർക്ക് അവരുടെ വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ സമ യമില്ലാതായിരിക്കുന്നു. അവരുടെ കുട്ടികളെ എപ്പോഴാണ്, ഏതു സമയത്താണ്, ഉയർത്തി കൊണ്ടു വരു വാൻ കഴിയുന്നത് . അങ്ങനെ കുട്ടികൾ ഇപ്പോൾ അവർക്കൊരു പ്രശ്നമായിത്തീർന്നിരിക്കുന്നു. ഒരു ഭാരമായി തീർന്നിരിക്കുന്നു. അങ്ങനെ ഈ പ്രശ്നപരിഹാരത്തിന് അവർ കണ്ടെത്തിയത് ജനന നിയന്ത്രണമാർഗ്ഗങ്ങളാ

ണ്. സ്ത്രീ സ്വാതന്ത്യം നമ്മെ ഇവിടെ കൊണ്ടെത്തിച്ചിരിക്കുന്നു. ഒരു കുട്ടിയുടെ ആദ്യ സർവ്വകലാശാല യായി മാതാവിന്റെ സ്ഥാനം ഇന്ന് അധികപറ്റായി തീർന്നിരിക്കുന്നു.നാം ഇന്ന് സ്വാർത്ഥത നിറഞ്ഞ ലോകത്തി ലാണ് ജീവിക്കുന്നത്. നാം നമ്മെ കുറിച്ച് മാത്രമെ ചിന്തിക്കുന്നുള്ളൂ. നമുക്ക് നേടുവാൻ കഴിഞ്ഞത് മറ്റുള്ളവ രുമായി പങ്കുവെയ്ക്കുവാൻ നാം തയ്യാറല്ല. ജോലി മാത്രം, ആഹാരവും ജോലിക്കു പുറകെ ജോലിയും. ഭാര്യയും, ഭർത്താവും റൊബോട്ടുകളെ പോലെ ജോലി ചെയ്യുന്നു. ഇപ്പോൾഏതു രീതിയിലുള്ള പോഷകാഹാരമാണ് ജനം കഴിക്കുന്നതെന്നാണ് ഓരോരുത്തരും നോക്കുന്നത്. ജോലിയും, ഭക്ഷണവും, കുടിയും ഉറക്കവും. ഈ പരിഷ്കാരത്തിന്റെ ഉയർച്ച ഇങ്ങനെയാണോ ഇത്?

ആ സമയം എവിടെ പോയി മറഞ്ഞു. നമ്മുടെ മുൻഗാമികൾക്ക് അനേകം കുട്ടികളുണ്ടായി രുന്നു. അവർ ജീവിച്ച സമൂഹം താരതമ്യേന അഴിമതി മുക്തമായിരുന്നു. അവരുടെ ജീവിതത്തിൽ സന്തോഷ മുണ്ടായിരുന്നു. അവർ അനേകം സഹോദരന്മാരും സഹോദരിമാരും ഉണ്ടായിരുന്നു. അവർ പരസ്പരം സൗഹൃ ദത്തിൽ ജീവിച്ചിരുന്നു. ആ സന്ദർഭത്തിൽ സ്ത്രീകൾ പുറത്ത് പോയി ജോലി ചെയ്യുന്ന ഒരു സംഭവവും ഉണ്ടായിട്ടില്ല. നമുക്ക് ചുറ്റും നാം ഇന്ന് കാണുന്നത് പുരോഗതി എന്നാണ് നാം പറയുന്നതെങ്കിൽ ഞാൻ നിങ്ങളോട് പറയട്ടെ ഇത് (ഈ പുരോഗതി) എതിർദിശയിലേക്കു നയിക്കുന്ന പുരോഗതിയാണ്.

ഈ വിഷയം വളരെ വിപുലമായതാണ്. ഇന്ന് ഇവിടെ നിർത്തുകയാണ്. അടുത്ത വെള്ളിയാഴ്ച ഇത് തുടരുവാനുള്ള തൗഫീഖ് അല്ലാഹു എനിക്കു തരുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻഷാ അല്ലാഹ്–ആമീൻ.

വിളംബരം:–

കഴിഞ്ഞ ശനിയാഴ്ച 2012 ജൂൺ 2 ന് നമ്മുടെ സഹോദരൻ ഖുദ്ദുസ് ഡൊമൂൺന്റെ മരണ വാർത്ത അറിയാൻ കഴിഞ്ഞു. അദ്ദേഹം 2 നും 2.30 നും മധ്യേയാണ് മരണപ്പെട്ടത്. അന്നേ ദിവസം 6.30 ന് ജനാസ നമസ്കാരം നടന്നു. അദ്ദേഹം സുഖമില്ലാതെ കിടപ്പിലായിരുന്നു.ജനനം മുതൽ തന്നെ അദ്ദേഹത്തെ ക്കുറിച്ച് എനിക്കറിയാമായിരുന്നു. ദൈവീക വെളിപാടുകളെക്കുറിച്ചറിഞ്ഞപ്പോൾ തന്നെ സുഖമില്ലാതിരുന്നിട്ടും വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ അന്നേ ദിവസം വളരെ വൈകിയാണ് മരണവാർത്ത അറിഞ്ഞത്. ഇന്ന് നമ്മൾ ജുആ നമസ്കാരനന്തരം ജനാസ ഗായിബ് നമ സ്ക്കരിക്കുന്നതാണ്. എന്റെ പേരിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിലും ഞാൻ അനുശോചനം അദ്ദേഹത്തിന്റെ കുടുംബത്തെ അറിയിക്കുന്നു. അല്ലാഹു(ത) അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ ഒരു നല്ല സ്ഥാനം പ്രദാനം ചെയ്യട്ടെ.ആമീൻ.

*Translated by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Phone: 0475-2252530, 9447001832*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*